# എങ്ങനെ
# ദൈവമക്കളാകാം



# എങ്ങനെ
# ദൈവമക്കൾ ആകാം

**Philip Communication**

**KOCHI**

**Sponsored by**

**Mr. K.V. Jose and Annie Jose,**
**Kalamassery**

ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും കടന്നു വന്ന തു മുഖാന്തരം പാപിയായ ഞാൻ, സാത്താന്റെ മകളായ ഞാൻ ഭാഗ്യ വശാൽ ദൈവത്തിന്റെ കൃപയാൽ ദൈവത്തിന്റെ മകളായി. പാപിയായ ഒരു വ്യക്തി എങ്ങനെ ദൈവമകൻ/ മകൾ ആകാം എന്ന് ബൈബിളിന്റെ അടിസ്ഥാനത്തിൽ ബൈബിളിലെ വാക്യം കൊണ്ടു തന്നെ ഈ ചെറു പുസ്തകത്തിൽ വ്യക്തമാക്കിയി രിക്കുന്നു. ഈ ചെറു പുസ്തകം വായിക്കുന്ന എല്ലാവർക്കും ഞാൻ അനുഭവിക്കുന്ന സന്തോഷവും സമാ ധാനവും പ്രത്യാശയും ലഭിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

S.J.P

## എങ്ങനെ ദൈവമക്കൾ ആകാം

ആകാശവും, നക്ഷത്രങ്ങളും, ഭൂമിയും അതിലുള്ളതൊക്കെയും ദൈവം 6 ദിവസം കൊണ്ടു തന്റെ വാക്കാൽ സൃഷ്ടിച്ചു. അനന്തരം ദൈവം; നാം നമ്മുടെ സ്വരൂപ ത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക. (ഉല്പത്തി 1:26 ബൈബിൾ). ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തി ലവനെ സൃഷ്ടിച്ചു (ഉല്പത്തി 1:27). യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മി ച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹി യായിതീർന്നു. (ഉല്പത്തി 2:8) താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി; അത് എത്രയും

നല്ലത് എന്ന് ദൈവം കണ്ടു (ഉല്പത്തി 1:31). അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി (ഉല്പത്തി 2 : 8 ). യഹോവയായ ദൈവം മനുഷ്യനോട് ഇപ്രകാരം കല്പിച്ചു. തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ ഭക്ഷിക്കാം. എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം ഭക്ഷിക്കരുത്. ഭക്ഷിക്കുന്ന നാളിൽ നീ മരിക്കും നിശ്ചയം (ഉല്പത്തി 2 : 17). അനന്തരം യഹോവയായ ദൈവം മനുഷ്യന് തക്ക തുണ ഉണ്ടാക്കി കൊടുത്തു. ആ വൃക്ഷ ഫലം ഭക്ഷിപ്പാൻ നല്ലതും കാണുവാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ അഭികാ

മ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു; ഭർത്താവിനും കൊടുത്തു. അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണു തുറന്നു. തങ്ങൾ നഗ്നരെന്ന് അറിഞ്ഞു. അനുസരണക്കേട് കാണിച്ചത് മുഖാന്തരം ദൈവം പറഞ്ഞതു പോലെ അവർ മരിച്ചു. ശാരീരിക മരണം പിന്നെയുണ്ടാകും. എന്നാൽ ആത്മിക മരണം ഉടനെ സംഭവിച്ചു. അവർ അത്തിയില കൂട്ടിത്തുന്നി തങ്ങളുടെ നഗ്നത മറച്ചു. യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച കേട്ടിട്ടു അവർ ഒളിച്ചു. പാപത്തിന്റെ ഫലമായി പിന്നെ അവർക്ക് ഏദെൻ തോട്ടത്തിൽ താമസിക്കുവാൻ സാധിച്ചില്ല. ദൈവം അവരെ ഏദെൻ തോട്ടത്തിൽ നിന്ന് പുറത്താക്കി. യഹോവായ ദൈവം ആദാമിനും ഹവ്വയ്ക്കും തോൽ കൊണ്ട് ഉടുപ്പു

ഉണ്ടാക്കി അവരെ ഉടുപ്പിച്ചു. പാപം കാരണം അവർ ശപിക്കപ്പെട്ടു. മാത്ര മല്ല ഭൂമിയും ശപിക്കപ്പെട്ടു.

## രക്ഷയുടെ ആവശ്യകത

### 1. നമ്മൾ പാപികളാണ്

ഒരു വ്യത്യാസവുമില്ല: എല്ലാ വരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോമർ 3:23, ബൈബിൾ). അതുകൊണ്ടു ഏക മനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്ക യാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു (റോമർ 5:12 ബൈബിൾ). പാപത്തിന്റെ ശമ്പളം മരണ മത്രേ (റോമർ 6:23) അങ്ങനെ ഏത് വായും അടഞ്ഞു സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷാ യോഗ്യ മായിത്തീരേണ്ടതത്രേ (റോമർ 3:19,

ബൈബിൾ). നാം അതിക്രമക്കാരും പാപികളുമായതു കൊണ്ട് നരക ശിക്ഷയ്ക്ക് അർഹരാണ്.

**2. നമ്മൾക്ക് നമ്മെ തന്നെ രക്ഷിക്കാൻ കഴിയുകയില്ല:**

അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതികരിക്കപ്പെടുകയില്ല. ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത് (റോമർ 3:20). ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവ പുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊ

യ്കയിൽ തള്ളിയിട്ടു (വെളിപ്പാട് 20:15 ബൈബിൾ). എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. (മത്തായി 25:30, ബൈബിൾ). അവിടെ അവരുടെ പുഴുചാകുന്നില്ല. തീ കെടുന്നതുമില്ല; എല്ലാവരെയും തീ കൊണ്ടു ഉപ്പിടും (മർക്കൊസ് 9:48)

3. **യേശുക്രിസ്തുവിന് മാത്രമെ രക്ഷിക്കുവാൻ കഴിയുകയുള്ളൂ:** ഇതാ ലോകത്തിന്റെ പാപം ചുമന്നു നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹന്നാൻ 1:29). യേശുക്രിസ്തു നമ്മൾക്ക് വേണ്ടി നമ്മെ രക്ഷിക്കുവാൻ ഭൂമിയിൽ വന്നു. ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രന് അധികാരം ഉണ്ട്. (മർക്കൊസ് 2:10). നാം പാപം സംബന്ധിച്ചു

മരിച്ചു, നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിൻമേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു (1 പത്രൊസ് 2 : 24). അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1 യോഹന്നാൻ 1:7). അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു (എബ്രായർ 7:25). അതുകൊണ്ട് നാം എന്തു ചെയ്യണം എന്ന് ദൈവവചനം പറയുന്നു.

## 4. മാനാസാന്തരപ്പെടണം

എന്നാൽ അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോട് കല്പിക്കുന്നു (പ്രവൃത്തികൾ 17:36). മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു (ലുക്കോസ് 13:3). നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. യിസ്രായേലിന് മാനസാന്തരവും പാപ മോചനവും നൽകുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലകൈയ്യാൽ ഉയർത്തിയിരിക്കുന്നു. (പ്രവൃത്തികൾ 5:30, 31).

## 5. രക്ഷ വിശ്വാസത്താൽ

കർത്താവായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും. ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു; എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു (യോഹന്നാൻ 5:24).

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). അവനിൽ വിശ്വസിക്കുന്നവന്നു

ന്യായവിധിയില്ല. വിശ്വസിക്കാത്ത വന് ദൈവത്തിന്റെ ഏക ജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു (യോഹന്നാൻ 3:18). യേശുവിനെ കൈക്കൊണ്ടു യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ ദൈവം അധികാരം കൊടുത്തു (യോഹന്നാൻ 1:12). പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളൂ (യോഹന്നാൻ 3:36).

**6. ഏറ്റു പറയണം**

മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏതൊരുവനെയും

സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുൻപിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുൻപിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുൻപിൽ ഞാനും തള്ളി പറയും (മത്തായി. 10:32, 33). യേശുവിനെ കർത്താവു എന്ന് വായ്കൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു. (റോമർ 10:9,10).

ദൈവ മകൻ/മകൾ ആകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുക. യേശു

കർത്താവെ, ഞാൻ ഒരു പാപിയാണ്. എന്റെ പാപങ്ങൾ പരിഹരിക്കുവാൻ അങ്ങ് എനിക്ക് വേണ്ടി ക്രൂശിൽ മരിച്ചു ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ ജീവിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ എന്നോട് ക്ഷമിക്കേണമെ. അങ്ങ യുടെ രക്തത്താൽ എന്നെ ശുദ്ധീകരിക്കേണമെ. അങ്ങയെ ഞാൻ ഇപ്പോൾ എന്റെ ഏക ദൈവവും ഏക രക്ഷകനും ഏക കർത്താവുമായി സ്വീകരിക്കുന്നു. ഇനിയുള്ള കാലം അവിടത്തെ ഇഷ്ടം പോലെ ജീവിക്കുവാൻ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. അങ്ങ് എന്റെ പ്രാർത്ഥന കേട്ടതു കൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്റെ പാപങ്ങൾ ക്ഷമിച്ചതുകൊണ്ട് അങ്ങയെ സ്തുതിക്കുന്നു. എന്നെ അങ്ങ

യുടെ മകൻ/മകൾ ആക്കിയതു കൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. യേശു കർത്താവിന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നു. കേട്ടതുകൊണ്ട് സ്ത്രോത്രം;ആമേൻ.

അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല (റോമർ 8:1). വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ട് നമ്മുടെ കാർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട് (റോമർ 5:1).

# എങ്ങനെ
# ദൈവമക്കളാകാം

യേശുക്രിസ്തു ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണയുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിലും മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും.

SJP

Philip Communications